## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1593 — 03.05.2017 ൽ മറുപടിക്ക്

### "സിറ്റി ഗ്യാസ് പദ്ധതി"

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ജോൺ ഫെർണാണ്ടസ്. | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) | ഗാർഹിക ആവശ്യത്തിനുള്ള പ്രകൃതി വാതകം കുഴലുകളിലൂടെ അടുക്കളയിൽ എത്തിക്കുന്ന "സിറ്റി ഗ്യാസ്" പദ്ധതി ഏതെല്ലാം ജില്ലകളിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) | എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനമായിട്ടുണ്ട്. |
| (ബി) | എറണാകുളം ജില്ലയിൽ ഏതെല്ലാം പ്രദേശങ്ങളിലൂടെയാണ് പ്രസ്തുത ഗ്യാസ് വിതരണ ശൃംഖല കടന്നു പോകുന്നത്; | (ബി) | എറണാകുളം ജില്ല പൂർണ്ണമായും സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഗാർഹിക ഉപയോക്താക്കൾക്ക് പ്രസ്തുത കണക്ഷനുകൾ നൽകിയിട്ടുണ്ടോ; എത്ര പേർക്ക് നിലവിൽ കണക്ഷൻ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (സി) & (ഡി) | 2016 ഫെബ്രുവരി മുതൽ കുറച്ച് ഗാർഹിക ഉപഭോക്താക്കൾക്കും വാണിജ്യ സ്ഥാപനങ്ങളിലും പ്രകൃതിവാതക കണക്ഷൻ നൽകിയിട്ടുണ്ട്. നിലവിൽ കളമശ്ശേരി മുനിസിപ്പാലിറ്റിയിൽ 462 ഗാർഹിക കണക്ഷനുകൾക്കും 2 വാണിജ്യ കണക്ഷനുകൾക്കും ഉള്ള രജിസ്ട്രേഷൻ സ്വീകരിച്ചിട്ടുണ്ട്. അതുടനെ നൽകാൻ കഴിയുന്നതാണ്.<br>കണക്ഷൻ ലഭിക്കുന്നതിന് ഉപഭോക്താക്കൾ അപേക്ഷാഫോം പൂരിപ്പിച്ച് വിലവിവര പട്ടികയനുസരിച്ചുള്ള കണക്ഷൻ ഡെപ്പോസിറ്റ് അടക്കേണ്ടതാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് മുൻകൂർ അടക്കേണ്ട തുക പൂർണ്ണമായി ഒഴിവാക്കി മാസം 25 രൂപ മാത്രം വാടക നൽകുന്ന രജിസ്ട്രേഷൻ പദ്ധതിയും നിലവിലുണ്ട്. |
| (ഡി) | പ്രസ്തുത കണക്ഷൻ ലഭിക്കുന്നതിനായുള്ള നടപടിക്രമങ്ങൾ എന്തെന്ന് വിശദമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ.